(ഡി) കണ്ണൂർ ജില്ലയിലെ കരിയാട് പഞ്ചായത്തിലെ അടിയാർ വി.സി.ബി. നിർമ്മാണം, തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ തൃപ്രങ്ങോട്ടൂർ പുഴ വി.സി.ബി. നിർമ്മാണം, കുന്നോത്തുപറമ്പ് പഞ്ചായത്തിലെ വരപ്രകുന്നുമ്മൽ തോട് വി.സി.ബി. നിർമ്മാണവും നടത്താൻവേണ്ടി നൽകിയ അപേക്ഷകളിൻമേൽ എന്തുനടപടി സ്വീകരിച്ചെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ജലസ്രോതസ്സുകളും തോടുകളും സംരക്ഷിക്കുന്നതിനായി നദികളിലും തോടുകളിലും സംരക്ഷണ പണികൾ നടത്തുകയും നിലവിലുള്ള വി.സി.ബി.കളുടെയും എസ്.ഡബ്ല്യൂ.ഇ.സി.ബി.കളുടെയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ കുളങ്ങളുടെ സംരക്ഷണത്തിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി 2010-11 വർഷത്തിൽ സംസ്ഥാനമൊട്ടാകെ ഇതുവരെ (31-1-2011) 58.40 കോടി രൂപ ഇക്കാര്യത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) കണ്ണൂർ ജില്ലയിൽ ജലസ്രോതസ്സുകളും തോടുകളും സംരക്ഷിക്കുന്നതിനുവേണ്ടി ലഭിക്കുന്ന അപേക്ഷകളിന്മേൽ വിശദമായ സൈറ്റ് പരിശോധന നടത്തി വകുപ്പുവഴി ചെയ്യുവാൻ സാധിക്കുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് ചെയ്തുവരുന്നുണ്ട്.

(ഡി) അടിയാർ, തൃപ്പങ്ങോട്ടൂർ, വരപ്ര, കുന്നുമ്മൽ എന്നിവിടങ്ങളിൽ വി.സി.ബി. നിർമ്മിക്കുന്നതിനായി വിശദമായ സൈറ്റ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കോഴിത്തോട് ജലസേചന പദ്ധതി

107 (1835) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോഴിത്തോട് ജലസേചന പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ;

(ബി) പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(സി) ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(ഡി) പദ്ധതി എന്നേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കോഴിത്തോട് ജലസേചന പദ്ധതിയുടെ അടങ്കൽ തുക 1,24,00,000 രൂപയാണ്.

(ബി) 55% പണി കഴിഞ്ഞു

(സി) 68,38,877 രൂപ ഇതുവരെ ചിലവായിട്ടുണ്ട്.

(ഡി) 30-6-2011-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly